പട്ടികജാതി-പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം

314(2783) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 1-6-2011 മുതൽ 30-11-2015 വരെ ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും ദുർബലവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപ്പന്റും അനുവദിച്ചുവരുന്നു. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ് ചെയ്തുനൽകുന്നു. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയ്ക്കു പുറമേ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ വീതം നൽകുന്ന "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്" എന്ന പദ്ധതി 2014-15 മുതൽ നടപ്പാക്കി വരുന്നു. കൂടാതെ 9 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയും IX, X ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയും, (കേന്ദ്രാവിഷ്കൃത പദ്ധതി) നടപ്പാക്കിവരുന്നു.

കോളേജ് :

കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ എന്നിവയ്ക്ക് പുറമേ ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവയും നൽകി വരുന്നു.

പ്രൊഫഷണൽ കോളേജുകൾ :

ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ എന്നിവയ്ക്ക് പുറമെ B.Tech, M. Tech, MCA കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, MBBS ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ്, MBBS/BDS/B.Tech വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള തുക എന്നിവയും അനുവദിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിഷൻ 2013 :

എസ്.എസ്.എൽ.സി. പരീക്ഷയിൽ B+-ൽ കുറയാതെ ഗ്രേഡ് വാങ്ങി +1 കോഴ്സിന് പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അതാത് ജില്ലകളിലുള്ള സ്വകാര്യ എൻട്രൻസ് കോച്ചിംഗ് സ്ഥാപനങ്ങളിൽച്ചേർന്ന് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് പഠിക്കുന്നതിന് 2 വർഷത്തേക്ക് 20,000 രൂപ വീതം അനുവദിച്ചുവരുന്നു.

(ബി) 1-6-2011 മുതൽ 30-11-2015 വരെ വിതരണം ചെയ്ത തുക (പട്ടികജാതി വിഭാഗം) ചുവടെ ചേർക്കുന്നു:

പ്രീമെട്രിക് തലം	-	13864.87 ലക്ഷം
IX, X പ്രീമെട്രിക് സ്കോളർഷിപ്പ്	-	77.85 കോടി
അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ്	-	28 ലക്ഷം
പ്രൈമറി എഡ്യു. എയ്ഡ്	-	54.12 കോടി
സ്റ്റെതസ്കോപ്പ് പദ്ധതി	-	24.30 ലക്ഷം
ലാപ്ടോപ്പ് പദ്ധതി	-	25.61 കോടി
പ്രാരംഭച്ചെലവുകൾക്കനുവദിച്ച തുക	-	2.21 കോടി
വിഷൻ 2013 പ്രകാരം ചെലവഴിച്ച തുക	-	2.40 കോടി
പോസ്റ്റ് മെട്രിക് തലത്തിൽ അനുവദിച്ച തുക SC	-	818.58 കോടി
OEC	-	267.74 കോടി
FC	-	41.80 കോടി
KPCR	-	41.53 കോടി
SEBC	-	97.94 കോടി
OBC	-	128.75 കോടി

LIBRARY ARCHIVES Kerala Legislative Assembly